I ഇ.ബി. XIV - കേരള നിയമസഭ /VII-2

# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 8, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ : യഥാസമയം നിയമപരമായ നടപടികൾ സ്വീകരിക്കാനും മാർഗ്ഗനിർദ്ദേശം നൽകാനും ഗവൺമെന്റ് നടപടി സ്വീകരിക്കാത്തതുമൂലം കേരളത്തിലെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ എം.ബി.ബി.എസ്.

അഡ്മിഷനും ഫീസ്ഘടനയും സംബന്ധിച്ച അവ്യക്തതയും തന്മൂലം ഉളവായിട്ടുള്ള ഗുരുതരമായ പ്രതിസന്ധിയും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്. ശിവകുമാർ, ടി.എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. അലോട്ട്മെന്റ് പ്രോസസ് തടസ്സപ്പെടുകയോ കുട്ടികൾക്ക് അലോട്ട്മെന്റ് ലഭിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയോ ഉണ്ടായിട്ടില്ല. നീറ്റ് മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പാക്കണമെന്ന സുപ്രീംകോടതി നിർദ്ദേശപ്രകാരം അലോട്ട്മെന്റ് പ്രോസസ്സ് ആരംഭിക്കുകയും ഒന്നാംഘട്ടമായി ഗവൺമെന്റ് കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കുള്ള 90 ശതമാനം അലോട്ട്മെന്റും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളിൽ 100 ശതമാനം സീറ്റിലും അലോട്ട്മെന്റ് നടത്തുന്നത് സർക്കാരാണ്. ക്രോസ് സബ്സിഡി സുപ്രീംകോടതി അനുവദിക്കില്ലെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. വർഷങ്ങളായി സ്വാശ്രയ മാനേജ്മെന്റുകളുമായി 50:50 എന്ന അനുപാതത്തിൽ

ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണ് ഒരു വിഭാഗം കുട്ടികളിൽനിന്നും ഉയർന്ന ഫീസ് വാങ്ങിക്കൊണ്ടും ഒരു വിഭാഗം കുട്ടികൾക്ക് ഫീസിളവോടുകൂടിയും സ്വകാര്യ മാനേജ്മെന്റ് കോളേജുകളിൽ പഠിക്കാനുള്ള അവസരം നൽകിയത്. ആഗസ്റ്റ് 31-ഓടുകൂടി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും വളരെ ആശങ്കയിലാണ്. അഡ്മിഷനും ഫീസും സംബന്ധിച്ച് ഇതുവരെ യാതൊരു വ്യക്തതയുമുണ്ടായിട്ടില്ല. ഓൾ ഇൻഡ്യാ ക്വാട്ട അടിസ്ഥാനമാക്കിയുള്ള പ്രവേശന നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. നീറ്റ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് നടത്തേണ്ട അഡ്മിഷൻ അട്ടിമറിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് പ്രകാരം അഡ്മിഷൻ നടത്തുന്നതിനുപകരം 2006-ലെ ആക്ടനുസരിച്ച് പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചത് നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണ്. ക്രോസ് സബ്സിഡി അനുവദിക്കില്ലെന്ന് സുപ്രീം കോടതി നിർദ്ദേശിച്ച സാഹചര്യത്തിൽ ഒരേ റാങ്ക് ലിസ്റ്റിലുള്ള കുട്ടികൾക്ക് വ്യത്യസ്ത നിരക്കിൽ ഫീസ് ഘടന നിശ്ചയിക്കാൻ കഴിയുമോ എന്നുള്ളത് വ്യക്തമാക്കണം. സുപ്രീം കോടതി വിധിയനുസരിച്ച് രണ്ട് അലോട്ട്മെന്റ് മാത്രമേ അനുവദിക്കുകയുള്ളൂ എന്നിരിക്കെ ഗവൺമെന്റ്

കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റിനോടൊപ്പം സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് നടത്താതെ മാനേജുമെന്റുകളുമായി ധാരണയുണ്ടാക്കി മുഴുവൻ സീറ്റുകളിലും സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതിന് അനുവദിച്ചുകൊണ്ട് കുട്ടികളെ വഞ്ചിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ലക്ഷക്കണക്കിന് രൂപ ഫീസ് നൽകാൻ കഴിയാത്ത കുട്ടികളെ സഹായിക്കാനായി മെരിറ്റ്-കം-സപ്പോർട്ട് സ്കോളർഷിപ്പ് സ്കീം ആരംഭിക്കുകയും 200 കോടി രൂപയുടെ സഞ്ചിതനിധി രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുകയും ഇത്തരത്തിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികളിൽനിന്നും ബോണ്ട് വാങ്ങി സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിച്ചുകൊള്ളാമെന്നുള്ള എഗ്രിമെന്റ് വയ്ക്കുകയും ചെയ്യണം. ഇത്രയധികം ഗൗരവമേറിയ പ്രശ്നം ലാഘവ ബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സർക്കാരിന്റെ സമീപനവും ഇക്കാര്യത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആഗസ്റ്റ് 31-ഓടുകൂടി കേരളത്തിലെ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പ്രോസസ്സ് പൂർത്തിയാക്കിയിരിക്കും. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള അലോട്ട്മെന്റ് പ്രോസസ്സിൽ ഒരു മാറ്റവും വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. പാവപ്പെട്ട കുട്ടികൾക്ക് 25,000 രൂപ ഫീസ് നൽകി പഠിക്കാനുള്ള

സാഹചര്യം നഷ്ടപ്പെടാതിരിക്കുന്നതിനാണ് സർക്കാരുമായി ധാരണയിലായ സ്വാശ്രയ മാനേജുമെന്റുകളുമായി എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായത്. സർക്കാർ കോളേജുകളിലെ 90 ശതമാനം സീറ്റുകളും ആദ്യത്തെ അലോട്ട്മെന്റിൽ ഫിൽ ചെയ്തിട്ടുണ്ട്. ഫീസിന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ലെന്ന കാരണം പറഞ്ഞ് ഏതെങ്കിലും മാനേജുമെന്റുകൾ അലോട്ട്മെന്റ് പ്രോസസ്സിൽ പങ്കെടുക്കാതിരുന്നാൽ സ്പോട്ട് അലോട്ട്മെന്റിൽ ശേഷിക്കുന്ന മുഴുവൻ സീറ്റുകളും ഗവൺമെന്റ് ഫിൽ ചെയ്യുന്നതാണ്. മാനേജ്മെന്റിന്റെ വാദഗതികളൊന്നും അംഗീകരിക്കാതെ ഈ ഗവൺമെന്റ് തലവരി ഫീസ് പൂർണ്ണമായും നിർത്തലാക്കി മാനേജ്മെന്റിന് കൊള്ള ലാഭം നടത്താനുള്ള അവസരം നിഷേധിച്ചു. മുൻ വർഷത്തെപ്പോലെ ഈ വർഷവും രണ്ടാംഘട്ട അലോട്ട്മെന്റിൽ സ്വാശ്രയ മാനേജ്മെന്റുകൾ പങ്കെടുക്കുകയും സർക്കാരുമായി കരാറൊപ്പിട്ട കോളേജുകൾ ഗവൺമെന്റ് നിശ്ചയിച്ച പ്രകാരമുള്ള ഫീസ് ഈടാക്കുകയും ചെയ്യുന്നതാണ്. സർക്കാരുമായി കരാറൊപ്പിടാത്ത കോളേജുകൾ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് പ്രകാരം അലോട്ട്മെന്റ് നടത്തുമെന്ന് കുട്ടികളുടെ രക്ഷിതാക്കളെ അറിയിച്ചിട്ടുണ്ട്. മാനേജ്മെന്റിന്റെ ചെലവ്, ഭാവി വികസനം ഇവയെല്ലാം പരിഗണിച്ച് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസിൽ മാറ്റം വരുത്താൻ

സർക്കാരിന് ഉദ്ദേശമില്ല. നിശ്ചയിച്ച സമയത്തുതന്നെ സെക്കന്റ് അലോട്ട്മെന്റ് നടത്തുകയും ബാക്കി വരുന്ന മുഴുവൻ സീറ്റുകളിലും സ്പോട്ട് അലോട്ട്മെന്റുവഴി അഡ്മിഷൻ നൽകുകയും ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ യാതൊരുവിധ ആശങ്കയുടെയും ആവശ്യമില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, പി. ജെ. ജോസഫ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

II **ശ്രദ്ധക്ഷണിക്കൽ**

(1) മുൻഗണനാ പട്ടികയിലെ അപാകതകൾ

ശ്രീ. എ. പ്രദീപ് കുമാർ: ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണനാ പട്ടികയിലുണ്ടായിട്ടുള്ള അപാകതകൾ

പരിഹരിക്കണം. കേന്ദ്രഗവൺമെന്റ് മാനദണ്ഡപ്രകാരം ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരം ആളുകളാണ് അർഹതാ ലിസ്റ്റിലുള്ളത്. 2016 നവംബറിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കേണ്ടതിനാൽ വിശദമായ സർവ്വേ നടത്താനുള്ള സമയവും സാവകാശവും ലഭിക്കാത്തതുകൊണ്ട് വസ്തുതകൾ മറച്ചുവച്ചും തെറ്റായ വിവരങ്ങൾ നൽകിയും അനർഹരാണ് മുൻഗണനാ പട്ടികയിൽ ഇടം നേടിയത്. അനർഹരെ പൂർണ്ണമായി ഒഴിവാക്കി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): റേഷൻ കടകൾ മുഖേന വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയതുപ്രകാരമാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം ആകെ 15480040 ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാണ് നിയമം അനുശാസിക്കുന്നത്. കേന്ദ്ര സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 20-10-2016-ൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ചില അപാകതകൾ മൂലം അനർഹർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുകയും അർഹർ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായിട്ടുണ്ട്.

ഇത്തരത്തിലുള്ള ധാരാളം പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും 100202 കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ കണ്ടെത്തി സ്വമേധയാ ഒഴിഞ്ഞ് മാറാൻ സർക്കാർ നിർദ്ദേശം നൽകുകയും നടപടികൾ കർക്കശമാക്കുകയും ചെയ്തു. നാലുചക്ര വാഹന ഉടമകളെ കണ്ടെത്താൻ മോട്ടോർ വാഹന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 1000 ച. അടി വിസ്തീർണ്ണമുള്ള വീട്ടുടമകളെ കണ്ടെത്താനും വിദേശത്ത് ജോലിയുള്ളവരുടെ വിവരങ്ങൾ നോർക്കയിൽ നിന്നും ഒരേക്കറിനുമേൽ ഭൂമിയുള്ളവരുടെ വിവരങ്ങൾ റവന്യൂ വകുപ്പിൽനിന്നും ശേഖരിക്കാനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത അർഹതപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ ഉത്തരവിൻ പ്രകാരം റേഷൻ കാർഡിൽ പ്രത്യേകം മുദ്ര പതിപ്പിച്ച് നൽകാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫീൽഡ്തല പരിശോധന നടത്തി പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) <u>അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ഇൽമനൈറ്റ് അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശാലകൾ ഇന്ന്

വളരെയധികം പ്രതിസന്ധി നേരിടുകയാണ്. ഐ.ആർ.ഇ.എൽ. ഇൽമനൈറ്റിന്റെ വിലയിൽ ഈ വർഷം 65 ശതമാനം വർദ്ധനവ് വരുത്തിയിട്ടുള്ളതിനാൽ അതിന്റെ കപ്പാസിറ്റി യൂട്ടിലൈസെഷൻ ഉറപ്പുവരുത്തി വാർഷിക വില നിശ്ചയിച്ച് സംസ്ഥാനത്തെ ഫാക്ടറികൾക്കാവശ്യമായ ഇൽമനൈറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സാമൂഹിക-രാഷ്ട്രീയ കാരണങ്ങളാൽ 2006-നുശേഷം ഐ.ആർ.ഇ.എൽ.-ൽ നിന്നും ഇൽമനൈറ്റ് കയറ്റുമതി ചെയ്തിട്ടില്ല. നിലവിൽ മൊത്തം ഉൽപ്പാദന ശേഷിയുടെ മുപ്പത്തിമൂന്ന് ശതമാനം മാത്രമേ ഉപയോഗിക്കാൻ സാധിക്കുന്നുള്ളൂ. കേരളത്തിലെ കമ്പനികൾക്ക് ഇൽമനൈറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഒഡീഷയിൽനിന്ന് ഇൽമനൈറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചെങ്കിലും ഗുണമേന്മയുള്ളത് ലഭ്യമാകാത്തതിനാൽ വിപണനം ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഓപ്പൺ ജനറൽ ലൈസൻസ് വ്യവസ്ഥയിൽ ഇൽമനൈറ്റ് ഇറക്കുമതി ചെയ്യുന്നതിനും രാജ്യാന്തര വിപണി വിലയിൽ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വാർഷിക വ്യവസ്ഥയിൽ വില നിശ്ചയിച്ച്

സി.എം.ആർ.എൽ.-ന് ഇൽമനൈറ്റ് നൽകണമെന്ന ആവശ്യം പ്രായോഗികമല്ലെന്ന് ഐ.ആർ.ഇ.എൽ. അറിയിച്ചിട്ടുണ്ട്. ധാതുമണലിന്റെ ലഭ്യത, സംഭരണം, വിതരണം തുടങ്ങിയവയെക്കുറിച്ച് നിലവിലുള്ള കേന്ദ്ര സംസ്ഥാന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയതനുസരിച്ച് കെ.എസ്.ഐ.ഡി.സി. നടപടികൾ സ്വീകരിച്ചുവരികയാണ്. അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഐ.ആർ.ഇ.എൽ. അധികൃതരെ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## III സബ്മിഷൻ

### (1) കൊല്ലം തോടിന്റെ പുനരുദ്ധാരണം

ശ്രീ. എം. മുകേഷ്: അഷ്ടമുടി - പരവൂർ കായലുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം തോടിന്റെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും നിലവിലെ കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇരവിപുരം - അഷ്ടമുടി കായലുകളെ

തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം തോടിന്റെ പുനരുദ്ധാരണം ആറ് റീച്ചുകളായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ആറാമത്തെ റീച്ചിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിലെ കരാർ ഉടമ്പടി പ്രകാരം 450 ദിവസത്തെ കാലാവധി നിശ്ചയിച്ച് 1,4,5 എന്നീ റീച്ചുകളുടെ നിർമ്മാണച്ചുമതല കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിച്ചെങ്കിലും ടി സ്ഥാപനം നിർമ്മാണച്ചുമതല ശ്രീനാരായണ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഉപകരാർ നൽകിയിരിക്കുകയാണ്. ഈ പ്രവണത അവസാനിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഓരോ റീച്ചിലേയും പുരോഗതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും ആയത് പാലിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് പ്രവർത്തനം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ജൂമാ-അത്ത് പള്ളിയിലെ അക്രമം

ശ്രീ. പി. ഉബൈദുള്ള: പന്തല്ലൂർ മുടിക്കോട് ജൂമാ-അത്ത് പള്ളിയിൽ കയറി അക്രമം നടത്തിയ സംഘത്തെ പിടികൂടുന്നതിനും ആരാധനയ്ക്കായി പള്ളി തുറന്നു

കൊടുക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : മലപ്പുറം ജില്ലയിലെ മുടിക്കോട് സ്ഥിതിചെയ്യുന്ന ജൂമാ മസ്ജിദിന്റെ ഭരണ സമിതിയംഗങ്ങളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇരുവിഭാഗം വിശ്വാസികൾ തമ്മിലുള്ള തർക്കത്തെത്തുടർന്നുണ്ടായ അക്രമസംഭവവുമായി ബന്ധപ്പെട്ട് പാണ്ടിക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുകയും വെള്ളിയാഴ്ചതോറുമുള്ള പ്രാർത്ഥനാവേളകളിൽ പോലീസ് സേനയെ വിന്യസിച്ച് ക്രമസമാധാന പാലനം പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയും ഒളിവിൽ പോയ പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരികയുമാണ്. ഇക്കാര്യത്തിൽ പെരിന്തൽമണ്ണ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് അനുരഞ്ജനശ്രമം നടത്തിയെങ്കിലും ഇരുവിഭാഗവും തങ്ങളുടെ നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി ജൂമാ മസ്ജിദ് താൽക്കാലികമായി സീൽ ചെയ്യുകയും ഏറനാട് ഡെപ്യൂട്ടി തഹസീൽദാറെ റിസീവറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിശ്വാസികൾക്കായി പള്ളി തുറന്നു കൊടുക്കുന്നതിനും ആരാധന നടത്തുന്നതിനുമാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പിന്നാക്കാവസ്ഥ പരിഹരിക്കൽ

ശ്രീ. മോൻസ് ജോസഫ്: വിശ്വകർമ്മജരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിശ്വകർമ്മജർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ 2014-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കേണ്ട ശിപാർശകൾ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം കൂടി ആരാഞ്ഞശേഷം സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി ഏകീകരിക്കുകയും പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ പെൻഷൻ 1000 രൂപയായി ഉയർത്തുന്നതാണ്.

(4) ധനസഹായം

ശ്രീ. കാരാട്ട് റസാഖ്: കോഴിക്കോട്-വയനാട് ദേശീയപാതയിലെ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെയും ചികിത്സയിൽ കഴിയുന്നവരുടെയും കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അപകടങ്ങളിൽപ്പെടുന്നവർക്ക് ആശ്വാസ നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാർ സമീപനം.

(5) പുലിമുട്ട് നിർമ്മാണം

ശ്രീ. വി. എസ്. ശിവകുമാർ: തീരദേശ മേഖലയായ ബീമാപള്ളി-പൂന്തുറ പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ബീമാപള്ളിയിൽ 15 പുലിമുട്ടുകൾ നിർമ്മിക്കാൻ 16.70 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും 61 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഐ.ഐ.ടി.യുടെ പഠന റിപ്പോർട്ട് പ്രകാരം പൂന്തുറയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൂർണ്ണമായും ഭാഗികമായും നശിച്ച പുലിമുട്ടുകളുടെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് രൂപീകരിച്ച സാങ്കേതിക സമിതിയുടെ നിർദ്ദേശവും ഇക്കാര്യത്തിൽ പരിഗണിക്കുന്നതാണ്.

(6) ട്രക്കുപാലത്തിന്റെ നവീകരണം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കുളക്കട പഞ്ചായത്തിനേയും അടൂർ നിയോജകമണ്ഡലത്തിലെ ഏഴംകുളം

പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന നമ്പിമൺ കടവിലെ തൂക്കുപാലം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കല്ലടയാറിന് കുറുകെയുള്ള നമ്പിമൺ കടവിലെ തൂക്കുപാലം അപകടാവസ്ഥയിലായ സാഹചര്യത്തിൽ നിർമ്മാണ ഏജൻസിയായ കെ.ഇ.എൽ. മുഖേന പരിശോധന നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പാലം പി.ഡബ്ല്യു.ഡി.ക്ക് കൈമാറുകയും പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്താൽ മാത്രമേ പാലത്തിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(7) റോഡ് നിർമ്മാണവും സംരക്ഷണവും

ശ്രീ. അനൂപ് ജേക്കബ്: റോഡുകളുടെ എണ്ണവും ദൈർഘ്യവും അനുസരിച്ച് അറ്റകുറ്റപ്പണികൾക്കായി തുക അനുവദിക്കുന്നതിനും മുളന്തുരുത്തി-പിറവം-ഒലിയപ്പുറം റോഡിന്റെ സംരക്ഷണത്തിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ബഡ്ജറ്റിൽ പരാമർശിക്കുന്ന പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ എല്ലാ നിയോജകമണ്ഡലങ്ങളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തിയാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകുന്നത്. റോഡുകളുടെ എണ്ണത്തിനും ദൈർഘ്യത്തിനും

ആനുപാതികമായി തുക അനുവദിക്കുമ്പോൾ ഗതാഗതം സുഗമമാക്കുന്നതിനുള്ള സൗകര്യങ്ങൾക്ക് മുൻഗണന നൽകാറുണ്ട്. മുളന്തുരുത്തി-പിറവം-ഒലിയപ്പുറം റോഡിന്റെ ഉപരിതലം ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് പുതുക്കേണ്ടത് അനിവാര്യമാണ്. പൊതുമരാമത്ത് വകുപ്പിന് 151 കോടി രൂപ ബഡ്ജറ്റ് ഫണ്ടായി അനുവദിച്ചിട്ടുണ്ടെങ്കിലും പുതിയ നിർമ്മാണത്തിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി തേടുന്നതാണ്.

## (8) മണ്ണ് പരിശോധന

ശ്രീ. എൻ. വിജയൻ പിള്ള: കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചെറിയ തുകയ്ക്കുള്ള കെട്ടിടങ്ങളുടെ മണ്ണ് പരിശോധനയ്ക്ക് എം-പാനൽ ഏജൻസികൾ താൽപ്പര്യം കാണിക്കാറില്ല. അത് പരിഹരിക്കാനായി താൽപ്പര്യമുള്ള എല്ലാ ഏജൻസികളെയും ടെണ്ടറിൽ പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കാനും യോഗ്യതയുള്ള കൂടുതൽ കമ്പനികളെ എം-പാനലിൽ ഉൾപ്പെടുത്താനും പി.ഡബ്ല്യു.ഡി. സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അത് കിട്ടുന്ന മുറയ്ക്ക് യോഗ്യരായ എല്ലാ ഏജൻസികൾക്കും ടെണ്ടർ നടപടികളിൽ പങ്കെടുക്കാനും മണ്ണ് പരിശോധനയുടെ കാലതാമസം ശാശ്വതമായി പരിഹരിക്കാനും കഴിയുന്നതാണ്.

(9) റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം

ശ്രീ. എം. രാജഗോപാലൻ: പള്ളിക്കരയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ചൈതന്യ കൺസൾട്ടൻസിയെ ഏൽപ്പിച്ച് പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും അലൈൻമെന്റ് പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാതാ വികസനത്തിന് കാലതാമസം നേരിടുന്നതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ടും കഷ്ടപ്പാടും കണക്കിലെടുത്ത് പ്രസ്തുത മേൽപ്പാലം രണ്ട് പാലങ്ങളാക്കുന്നതിനും ഇതിൽ ഒരു പാലം ഉടനെ സേതുഭാരതം പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കണമെന്നുമുള്ള ആവശ്യം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്.

(10) സബ്-എഞ്ചിനീയർ ഓഫീസ്

ശ്രീ. കെ. രാജൻ: വാണിയമ്പാറയിൽ സബ്-എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): ഉപഭോക്തൃ സാന്ദ്രത വളരെ കുറവായതിനാലും പുതിയ ഓഫീസുകൾ അനുവദിക്കുമ്പോൾ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് ബോർഡിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാലും വാണിയമ്പാറയിൽ പുതിയ സബ്-എഞ്ചിനീയർ ഓഫീസ് അനുവദിക്കാൻ കഴിയുകയില്ല. എന്നാൽ വൈദ്യുതി തടസ്സമുണ്ടാകുന്നതിനുള്ള യഥാർത്ഥ കാരണം പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. ആവശ്യമെങ്കിൽ ഇതിനായുള്ള പ്രവൃത്തികൾക്ക് പ്രത്യേക മുൻഗണനയും നൽകുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും

റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VIII ക്രമപ്രശ്നം

ഗവർണ്ണറുടെ മുൻകൂർ അനുമതി വാങ്ങണമെന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: ഭരണഘടനയുടെ ആർട്ടിക്കിൾ 207(1) അനുസരിച്ച് അധിക ചെലവുകൾക്ക് ഗവർണ്ണറുടെ അനുമതി വാങ്ങിയിട്ടില്ലാത്തതിനാൽ ബിൽ അവതരിപ്പിക്കുന്നത് ഓർഡറിലല്ല. ചട്ടം 73 അനുസരിച്ച് പുതിയ ധനകാര്യ

മെമ്മോറാണ്ടം ഫയൽ ചെയ്യാൻ സ്പീക്കർ റൂളിംഗ് നൽകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിപ്പിക്കുന്നതല്ലാതെ പുതിയ നിയമനങ്ങളൊന്നും നടത്താൻ ഉദ്ദേശിക്കാത്തതുകൊണ്ട് അധിക ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാത്തതിനാലാണ് ഗവർണ്ണറിൽ നിന്നും അനുച്ഛേദം 207(1) പ്രകാരമുള്ള അനുമതി വാങ്ങാത്തത്. അതേസമയം മണി ബിൽ എന്ന നിലയിൽ ഇതിന് ഗവർണ്ണറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ : 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 207 (1) പ്രകാരമുള്ള ഗവർണ്ണറുടെ അനുമതി ലഭിച്ച വിവരം അംഗങ്ങളെ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ നിയമമായാൽ സഞ്ചിതനിധിയിൽനിന്നും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതല്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയത് ക്രമപ്രകാരമാണെന്ന് കാണുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം തോമസ് ഐസക്) : 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം

അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി : I move that- "This House resolves to disapprove The Kerala Goods and Services Tax Ordinance, 2017 (Ordinance No.11 of 2017)." ജി.എസ്.ടി. നടപ്പാക്കിയതോടെ കേന്ദ്ര സംസ്ഥാന നികുതികൾ ലയിച്ച് ഒറ്റ നികുതിയിലേയ്ക്ക് മാറിക്കഴിഞ്ഞു. ഇതിന്റെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനാണ്. സംസ്ഥാനത്ത് ഇത് നടപ്പാക്കുന്നതിനുമുമ്പ് വിലനിയന്ത്രണത്തിന് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. വ്യാപാരികളുടെ കൈവശമുണ്ടായിരുന്ന സ്റ്റോക്കിന് നികുതി ഈടാക്കുന്ന രീതി അവരെ പറഞ്ഞ് മനസ്സിലാക്കാൻ സാധിക്കാത്തതും എം.ആർ.പി. റേറ്റിന് മുകളിൽ നികുതി ഈടാക്കിയതും അസാധാരണമായ വിലക്കയറ്റമാണ് സൃഷ്ടിച്ചത്. ജി.എസ്.ടി. പ്രകാരം നികുതി വിധേയമല്ലാത്ത ഉല്പന്നങ്ങൾക്കുപോലും വിലവർദ്ധനവുണ്ടായി. സംസ്ഥാനത്തെ ഹോട്ടലുകളും റെസ്റ്റോറന്റുകളും ജി.എസ്.ടി.യുടെ മറവിൽ അമിത വിലയാണ് ഈടാക്കുന്നത്. അനുമാന നികുതി സമ്പ്രദായം സ്വീകരിച്ച ഹോട്ടലുകളിൽ പോലും ജി.എസ്.ടി. ഈടാക്കുന്നത് തടയാൻ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. അന്യ സംസ്ഥാനങ്ങളിൽനിന്നും ചരക്ക് കൊണ്ടുവരുമ്പോൾ പരിശോധിക്കാനുള്ള

ജി.എസ്.ടി. ബില്ലിംഗ് സോഫ്റ്റ്‌വെയർ തയ്യാറാക്കാത്തത് വ്യാപാര രംഗത്ത് വലിയ അരാജകത്വമാണ് സൃഷ്ടിച്ചിരിക്കുന്നത്. ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച ബില്ലിലെ പാകപ്പിഴകൾ പോലും തിരുത്താൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. ആക്ടിലെ വ്യവസ്ഥകൾ പല ദിവസങ്ങളിലായി നിലവിൽ വന്നതിനാൽ ബില്ലിലെ 139 മുതലുള്ള വകുപ്പുകൾ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നിരക്ക് കുറയ്ക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകണം. ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടനുഭവപ്പെടുന്ന മേഖലകൾ പരിശോധിക്കുകയും പരിഹാരം കാണുകയും ചെയ്യണം. ഭക്ഷ്യവസ്തുക്കളിൽ ഭൂരിഭാഗത്തിനും നികുതി വർദ്ധന ഏർപ്പെടുത്തിയ നടപടി പുനഃപരിശോധിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. നികുതിയിളവുകൾ നിഷേധിക്കുകയും പഴയ വിലയോടൊപ്പം ജി.എസ്.ടി. കൂടി ഈടാക്കി ഉപഭോക്താക്കളെ വഞ്ചിക്കുകയും ചെയ്യുന്ന വ്യാപാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വിലനിയന്ത്രണം സർക്കാർ ഉറപ്പുവരുത്തണം. ജി.എസ്.ടി.യുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ജാഗ്രതയോടുകൂടി പ്രവർത്തിക്കുകയും സർക്കാർ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ മാതൃക കാണിക്കുകയും ചെയ്യണം.

ശ്രീ. വി. ഡി. സതീശൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു.

ജി.എസ്.ടി.യിലൂടെ വളരെ പ്രധാനപ്പെട്ട നികുതി പരിഷ്കരണത്തിനാണ് രാജ്യത്ത് തുടക്കം കുറിച്ചത്. പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളുടെയടക്കം അഭിപ്രായം പരിഗണിച്ചുകൊണ്ടാണ് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള മുൻ കേന്ദ്രസർക്കാർ ജി.എസ്.ടി. നിയമം മുന്നോട്ടുവച്ചത്. എന്നാൽ അതിന് കടകവിരുദ്ധമായ സമീപനമാണ് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്. ജി.എസ്.ടി.യുടെ ഉയർന്ന പരിധി 28 ശതമാനമായി നിശ്ചയിച്ചത് നാണയപ്പെരുപ്പത്തിനും രൂക്ഷമായ വിലക്കയറ്റത്തിനും കാരണമാകും. അടിസ്ഥാന തത്ത്വങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് നടപ്പാക്കിയ ജി.എസ്.ടി. നിയമം ചെറുകിട-ഇടത്തരം കച്ചവടക്കാരെ തകർക്കുകയും വൻകിട കുത്തകകൾക്ക് ജനങ്ങളെ കൊള്ളയടിക്കാനുള്ള അവസരമുണ്ടാക്കിയിരിക്കുകയുമാണ്. ജി.എസ്.ടി. നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരാജയപ്പെട്ടത് രാജ്യത്ത് രൂക്ഷമായ വിലക്കയറ്റത്തിന് കാരണമായി. കേരളമൊഴികെയുള്ള ഇതര സംസ്ഥാനങ്ങൾ നിയമസഭ കൂടി ജി.എസ്.ടി.നിയമം പാസ്സാക്കിയപ്പോൾ ഇവിടെ അതിന് തയ്യാറാകാതെ ഓർഡിനൻസ് ഇറക്കിയതിന്റെ കാരണം സർക്കാർ വിശദീകരിക്കണം. ഈ നിയമത്തിലെ അവ്യക്തത മാറ്റി നടപ്പാക്കിയില്ലെങ്കിൽ നാണ്യപ്പെരുപ്പവും തൊഴിലവസരങ്ങൾ ഇല്ലാതാകുകയും രൂക്ഷമായ

വിലക്കയറ്റത്തിന് വഴിതെളിക്കുകയും ചെയ്യും. ആരോഗ്യമേഖലയിലും നിർമ്മാണരംഗത്തും അവശ്യം വേണ്ട ഉപകരണങ്ങളുടെ വില വർദ്ധന ഈ മേഖലകളിലുണ്ടാക്കിയ സോഷ്യൽ ഇംപാക്ട് ഏറെയാണ്. കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി യോടൊപ്പം ചില ഉല്പന്നങ്ങൾക്ക് ഏർപ്പെടുത്തുന്ന സെസ്സിൽ നിന്നും സമാഹരിക്കുന്ന ഫണ്ടുപയോഗിച്ചാണ് സംസ്ഥാന ഗവൺമെന്റുകളുടെ നഷ്ടം പരിഹരിക്കുന്നത്. നിയമത്തിലെ അവ്യക്തത മുതലെടുത്ത് മൾട്ടി നാഷണൽ കമ്പനികൾ മന:പൂർവ്വം സൃഷ്ടിക്കുന്ന പ്രതിസന്ധി കർശനമായി നിയന്ത്രിക്കണം. സാധാരണക്കാരുടെമേൽ അധിക നികുതി ചുമത്തി അവരെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിനാവശ്യമായ ബോധവത്കരണം നടത്തണം. വില കുറയുമെന്ന് സർക്കാർ പ്രഖ്യാപിച്ച ഉല്പന്നങ്ങളിൽ പലതിന്റെയും വില കൂടിയിരിക്കുകയാണ്. ലോക്കൽ ബോഡികളുടെ വരുമാനമാർഗ്ഗമായിരുന്ന എന്റർടെയിൻമെന്റ് ടാക്സ് ഇല്ലാതാകുന്നത് അവരുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കും. വിലക്കയറ്റം, തെറ്റായ ബില്ലിംഗ്, സ്റ്റിക്കർ പതിക്കാത്തതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കബളിപ്പിക്കൽ എന്നിവ സംബന്ധിച്ചുണ്ടാകുന്ന പരാതികൾ സംസ്ഥാനതലത്തിൽ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ഇതിൽ സ്വീകരിക്കാവുന്ന നിയമനടപടി

സംബന്ധിച്ച് വ്യക്തത വരുത്തണം. ദേശീയതലത്തിലുള്ള ആന്റി പ്രോഫിറ്ററിംഗ് മെക്കാനിസത്തിന്റെ സ്റ്റേറ്റ് ലെവൽ സെന്ററുകൾക്ക് നിയമപരമായ പിൻബലമുണ്ടാകുമോ എന്നുള്ള കാര്യം പരിശോധിക്കണം. പെൻഡിംഗ് ഡിക്ലറേഷൻ സമർപ്പിക്കുന്നതിന് വ്യാപാരികൾ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള റിട്ടേണുകൾ റിവൈസ് ചെയ്യുന്നതിനുള്ള അനുമതിക്കായി നടപടി സ്വീകരിക്കണം. ജി.എസ്.ടി. മൂലം സംസ്ഥാനത്തിനുണ്ടാകുന്ന ലാഭനഷ്ടം സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഏത് അതോറിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്നതിനെക്കുറിച്ച് വ്യക്തത വരുത്തണം.

ശ്രീ. സി. ദിവാകരൻ: 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15.09.2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. സ്വരാജ്: 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ജി.എസ്.ടി. നടപ്പാക്കിയതിലൂടെ നികുതി ചുമത്തുന്നതിന് സംസ്ഥാനങ്ങൾക്കുള്ള അധികാരം പൂർണ്ണമായി എടുത്തുകളഞ്ഞിരിക്കുകയാണ്. ഇന്ത്യയുടെ വൈവിദ്ധ്യത്തെ ഇല്ലാതാക്കാനുള്ള

ശ്രമങ്ങളാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. വേണ്ടത്ര തയ്യാറെടുപ്പും ബോധവത്കരണവും നടത്താതെയാണ് നികുതിപരിഷ്കരണം നടപ്പാക്കിയിട്ടുള്ളത്. ജി.എസ്.ടി. നടപ്പാക്കിയ രാജ്യങ്ങളിൽ വിലക്കയറ്റമുണ്ടായിട്ടുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കി അത് തടയുന്നതിനുള്ള യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റി നിലവിൽ വരുന്നത് സംബന്ധിച്ച് ഒരു വ്യക്തതയായിട്ടില്ല. വിലവർദ്ധന മുന്നിൽക്കണ്ട് ഭക്ഷണ പദാർത്ഥങ്ങളുടെയും പാനീയങ്ങളുടെയുംമേൽ ജി.എസ്.ടി. ചുമത്തുന്നത് ഒഴിവാക്കണമായിരുന്നു. ജി.എസ്.ടി. നടപ്പിലായതിനാൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിക്കുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങൾ, മദ്യം, ഭൂമി രജിസ്ട്രേഷൻ, മോട്ടോർ വാഹന നികുതി എന്നിവയെ ഭാവിയിൽ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. അസംസ്കൃത വസ്തുക്കൾക്കും യന്ത്ര സാമഗ്രികൾക്കും ലഭിച്ചിരിക്കുന്ന വിലക്കുറവ് പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾ മുന്നേറേണ്ടതായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വിലക്കയറ്റം തടയാൻ ശ്രമിക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റിൽ ഇതിനായി സമ്മർദ്ദം ചെലുത്തുകയും വേണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: വേണ്ടത്ര മുന്നൊരുക്കമില്ലാതെ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ ജി.എസ്.ടി. നിയമത്തിന്റെ കെടുതികൾ രാജ്യം നേരിട്ടുകൊണ്ടിരിക്കുകയാണ്. പെട്രോൾ, ഡീസൽ, വിമാന ഇന്ധനം, മദ്യം, ഭൂമി രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ പ്രധാനപ്പെട്ട നികുതികളൊന്നും ഇതിന്റെ പരിധിയിൽ വന്നിട്ടില്ല. ജി.എസ്.ടി. വന്നതോടുകൂടി മരുന്ന് വിപണിയിലൂൾപ്പെടെ ആശയക്കുഴപ്പം നിലനിൽക്കുകയാണ്. എം.ആർ.പി.-യ്ക്കുമേൽ ജി.എസ്.ടി. ചുമത്തി കച്ചവടക്കാർ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. ജി.എസ്.ടി. വന്നാൽ വില കുറയുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്ന പല ഉല്പന്നങ്ങളുടെയും വില വർദ്ധിച്ചിരിക്കുകയാണ്. ഈ നിയമംമൂലം ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി ദിവാകരൻ</u>: ജി.എസ്.ടി. നിയമം ആദ്യമായി പാർലമെന്റിൽ അവതരിപ്പിച്ചത് യു.പി.എ. ഗവൺമെന്റാണ്. വൻകിട മുതലാളിമാരെ സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. നിയമം പാസ്സാക്കിയതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റിനും ഇത് പാസ്സാക്കേണ്ടി വന്നത്. സാമ്പത്തിക കാഴ്ചപ്പാടിൽ മാറ്റം വരുത്തിയാൽ മാത്രമേ രാജ്യത്ത് ഫലപ്രദമായി ജി.എസ്.ടി. നടപ്പിലാക്കാൻ സാധിക്കൂ. ജി.എസ്.ടി.

നടപ്പിലാക്കിയതുകൊണ്ട് പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. നികുതി പിരിക്കുന്നതിനുള്ള സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം കവർന്നെടുക്കുന്ന കേന്ദ്ര ഗവൺമെന്റ് സമീപനം ഭരണഘടനാ വിരുദ്ധമാണ്. ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി ഹോട്ടൽ, ടൂറിസം, ആയുർവേദ ഔഷധ നിർമ്മാണം, നാണ്യവിള തുടങ്ങിയ മേഖലകളിൽ നികുതി ഭാരം വർദ്ധിച്ചിരിക്കുകയാണ്. ഇത് നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തുണ്ടാകുന്ന വിലക്കയറ്റം, പണപ്പെരുപ്പം എന്നിവയ്ക്ക് പരിഹാരം കാണുന്നതിന് സംയുക്ത ശ്രമം നടത്തണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ജി.എസ്.ടി.യുടെ ഭാഗമായി ഒറ്റ നികുതിക്ക് പകരം അഞ്ച് തരത്തിലുള്ള നികുതികൾ ചുമത്തപ്പെട്ടിരിക്കുകയാണ്. ഇന്ത്യൻ നികുതി വ്യവസ്ഥയിൽ ഏകീകൃതനയം കൊണ്ടുവരുന്നതിനും നിലവിലുള്ള സങ്കീർണ്ണതകൾ പരിഹരിക്കുന്നതിനുമാണ് ജി.എസ്.ടി. നടപ്പിലാക്കിയതെന്നാണ് കേന്ദ്ര സർക്കാരിന്റെ വിശദീകരണം. ഒറ്റ നികുതി എന്ന നയം സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ഇന്ത്യയുടെ ഫെഡറൽ സംവിധാനം തകർക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പെട്രോളിയം, ആൽക്കഹോൾ മുതലായവ ജി.എസ്.ടി.യുടെ പരിധിയിൽ വരാത്തത് ഇതിന്റെ ഉദ്ദേശ്യശുദ്ധി ഇല്ലാതാക്കും. ഇന്ത്യയിൽ നടപ്പാക്കുന്ന ജി.എസ്.ടി. മറ്റ് രാജ്യങ്ങളോട് താരതമ്യം ചെയ്യാൻ കഴിയാത്തതാണ്.

ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് കൂടുതൽ ലാഭമുണ്ടാന്നതിനെ സ്വാഗതം ചെയ്യുന്നു. എല്ലാ മരുന്നുകൾക്കും 5 ശതമാനം നികുതി ഏർപ്പെടുത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കണം. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്ന നികുതി ഒഴിവാക്കണം. ടെക്സ്റ്റ് ബുക്ക്, വീൽച്ചെയർ തുടങ്ങിയവയ്ക്ക് നികുതി ഏർപ്പെടുത്തിയത് പരിശോധിക്കേണ്ടതാണ്. ജി.എസ്.ടി. നടപ്പാക്കുന്നതുമൂലം സാധാരണ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരെ ബോധവത്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ചരക്ക് സേവന നികുതി നിയമം ഏറ്റവും ദോഷകരമായി ബാധിച്ചത് ഗ്രാമീണ കാർഷിക മേഖലകളെയാണ്. കൃഷി ഉപകരണങ്ങൾക്കും രാസവളങ്ങൾക്കും കീടനാശിനികൾക്കും വില വർദ്ധിച്ചു. കുടുംബശ്രീ ഉത്പന്നങ്ങൾക്കും സഹകരണ മേഖലയിലെ ഉത്പന്നങ്ങൾക്കും നികുതി ഏർപ്പെടുത്തിയത് കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിക്ക് വഴിവയ്ക്കും. ബഹുരാഷ്ട്ര കുത്തകകളുടെ ഉത്പന്നങ്ങൾക്ക് വില ലഭിക്കുന്നതിനും അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കുരുമുളക്, കാപ്പി, ഏലം, ജാതി തുടങ്ങിയ കാർഷിക വിളകൾക്കും പാലുത്പന്നങ്ങൾക്കും ഇറക്കുമതിച്ചുങ്കം ഒഴിവാക്കിയതടക്കമുള്ള പ്രശ്നങ്ങൾ ജി.എസ്.ടി കൗൺസിലിൽ ഉന്നയിച്ച് പരിഹാരം കാണണം.

ഡോ. എൻ. ജയരാജ് : സംസ്ഥാനങ്ങൾക്ക് നികുതി ഏർപ്പെടുത്താനുള്ള അധികാരം ജി.എസ്.ടി. വന്നതോടുകൂടി നഷ്ടമായിരിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റുകളിൽ പ്രാദേശികമായ പ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ വയ്ക്കാൻ ഇതുമൂലം സാധിക്കാത്തതുകൊണ്ട് പരമ്പരാഗത ചെറുകിട സംവിധാനങ്ങളെ സഹായിക്കാൻ കഴിയാതെ വരുന്നു. കുത്തക കമ്പനികൾ മാത്രം ഈ മേഖലയിൽ നിലനിൽക്കുന്ന സാഹചര്യമാണുണ്ടാകാൻ പോകുന്നത്. ഈ നിയമം സമൂഹത്തിൽ വലിയ സാമ്പത്തിക അന്തരം സൃഷ്ടിക്കാൻ ഇടയാക്കും. എം.ആർ.പി.യൊടൊപ്പം ജി.എസ്.ടി. കൂടി ചേരുമ്പോൾ പുതിയ നിരക്ക് സംജാതമാകും. ഈ നിയമം പ്രബല്യത്തിൽ വരുമ്പോൾ ആവശ്യമായ ജാഗ്രത പുലർത്തണം.

ശ്രീ. എം. സ്വരാജ്: ജി.എസ്.ടി. പ്രഖ്യാപനത്തിലൂടെ നികുതി തോതിൽ മാറ്റം വരുത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിന്റെ കാതലായ ഭാഗം ഇല്ലാതാകുന്ന അവസ്ഥ സംജാതമാകും. എക്സൈസ് സർവ്വീസ് നികുതികൾ നിർണ്ണയിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ അധികാരം ജി.എസ്.ടി.യിൽ ലയിപ്പിച്ചെങ്കിലും വീണ്ടും

നികുതി ചുമത്താനുള്ള പരിമിതമായ അവകാശം കേന്ദ്ര ഗവൺമെന്റിനുണ്ട്. ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി കേരളത്തിൽ ആയുർവേദ ഔഷധങ്ങളുടെ നികുതി പന്ത്രണ്ട് ശതമാനമായി വർദ്ധിച്ചു. തീവണ്ടികളിൽ ലഭിക്കുന്ന ഭക്ഷണത്തിന് നികുതി വർദ്ധിപ്പിക്കുകയും റെയിൽവേ സ്റ്റേഷനുകളിലെ വാഹന പാർക്കിംഗ്, വിശ്രമമുറിയുടെ വാടക, പാർസൽ ചാർജ് എന്നിവയിൽ വർദ്ധനവുണ്ടാകുകയും ചെയ്തു. നിർമ്മാണം പൂർത്തിയായ ഫ്ലാറ്റുകളുടെ വിലയിൽ വൻ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളെയും ഈ നിയമം പ്രതികൂലമായി ബാധിക്കും.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ഈ നിയമം ഓർഡിനൻസായി കൊണ്ടുവന്നതിൽ ശക്തിയായി പ്രതിഷേധിക്കുന്നു. വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ് ഈ നിയമം നടപ്പിലാക്കിയത്. വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ഒരു ആക്ടായി പാസ്സാക്കിയിരുന്നെങ്കിൽ മറ്റൊരു വ്യത്യസ്ത സാഹചര്യം സംജാതമാകുമായിരുന്നു. ഈ നിയമത്തിലൂടെ സാധാരണ ജനവിഭാഗങ്ങളുടെ ജീവിതം അസ്ഥാനത്തായിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ

എല്ലാത്തിനും വില വർദ്ധിച്ചിരിക്കുകയാണ്. പല ആശുപത്രികളിലും സർജറിക്ക് വൻ തുകയാണ് ഈടാക്കുന്നത്. വൻകിട കോർപ്പറേറ്റുകളാണ് ഈ നിയമത്തിന്റെ ഗുണഭോക്താക്കൾ. എം.ആർ.പി. കൂട്ടിയാൽ അതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കാത്ത അവസ്ഥ ഇന്ന് നിലനിൽക്കുകയാണ്. നികുതി കുറയുന്നതിന്റെ ഗുണം സാധാരണ പൗരന് ലഭ്യമാക്കണം. ഉപഭോക്താക്കൾക്ക് പരാതി പരിഹാര അതോറിറ്റിയെ സമീപിക്കാനുള്ള സാഹചര്യമൊരുക്കിയാൽ ലളിതമായി വിഷയങ്ങൾ പരിഹരിക്കാൻ സാധിക്കും.

<u>ശ്രീ. രാജു എബ്രഹാം</u>: ജി.എസ്.ടി. നടപ്പാക്കുന്നതിലൂടെ കൃഷി ഉൾപ്പെടെയുള്ള ചെറുകിട മേഖലകളെ പ്രതികൂലമായി ബാധിക്കുകയും സംസ്ഥാനത്തിന് പ്രതിവർഷം എണ്ണായിരം കോടിയോളം രൂപയുടെ നഷ്ടമുണ്ടാകുകയും ചെയ്യും. ജി.എസ്.ടി.യുടെ ഭാഗമായി കയർ-കശുവണ്ടി മേഖലയിലെ നികുതി നിരക്ക് അഞ്ച് ശതമാനമാക്കി നിജപ്പെടുത്താനും ലോട്ടറിയിന്മേലുള്ള നികുതി 12 ശതമാനമാക്കി ഉയർത്താനുമുള്ള ശ്രമം അഭിനന്ദനാർഹമാണ്. കാർഷികരംഗത്തും ചെറുകിട വ്യാപാര രംഗത്തും ഉണ്ടായേക്കാവുന്ന ചൂഷണം അവസാനിപ്പിക്കാനും ചെറുകിട വ്യാപാരികൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് ജി.എസ്.ടി. കൗൺസിലിലൂടെ പരിഹാരം കാണാനും

മുൻകയ്യെടുക്കണം. സിന്തറ്റിക് യാൺ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളിന്മേൽ ചുമത്തിയിട്ടുള്ള അധിക നികുതി തുണിത്തരങ്ങളുടെ വൻതോതിലുള്ള വില വർദ്ധനവിന് ഇടയാക്കും. ഓൺ ലൈൻ വ്യാപാര രംഗത്തെ ജി.എസ്.ടി.യുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് ശ്രദ്ധേയമാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്കുണ്ടായേക്കാവുന്ന പ്രശ്നങ്ങളെപ്പറ്റിയും പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും ചർച്ച ചെയ്യണം. ജി.എസ്.ടി.-യിലൂടെ സാധാരണക്കാരുടെമേൽ അമിത ഭാരം ചുമത്തുന്ന നിലപാട് സ്വീകരിക്കാൻ പാടില്ല. ജി.എസ്.ടി.-യിലൂടെ പിരിച്ചെടുക്കുന്ന പണം ഗവൺമെന്റിനു ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

<u>ശ്രീ. പി. സി. ജോർജ്</u>: ജി.എസ്.ടി. നടപ്പാക്കുന്നതിലൂടെ സംസ്ഥാന ഖജനാവിന് വൻ തുകയുടെ നഷ്ടമാണ് സംഭവിക്കുന്നത്. സാധാരണക്കാരുടെ ചുമലിൽ അമിത നികുതി ഭാരം അടിച്ചേൽപ്പിക്കുന്നതിലൂടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനം തകർക്കുന്ന നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ശാസ്ത്രീയ പഠനമില്ലാതെ ജി.എസ്.ടി. നടപ്പാക്കാനുള്ള സർക്കാർ നിലപാടിനെ എതിർക്കുന്നു.

<u>ശ്രീ. വി. ജോയി</u>: ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ജി.എസ്.ടി.നടപ്പാക്കുമ്പോഴുണ്ടാകുന്ന വരുംവരായ്കകളെപ്പറ്റി മുൻകൂട്ടി കണ്ടറിഞ്ഞ് ജനങ്ങൾക്കനുകൂലമായ നിലപാട് സ്വീകരിക്കാൻ സർക്കാരിനു സാധിച്ചു. ഏകീകൃത

നികുതി സമ്പ്രദായം ഏർപ്പെടുത്തുന്നതിലൂടെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഉപഭോക്താവ് സമർപ്പിക്കുന്ന പരാതിക്ക് അടിയന്തര പരിഹാരം കാണാനുള്ള നടപടിയുണ്ടാകണം. ജി.എസ്.ടി.യിലൂടെ കുത്തക മുതലാളിമാരെ സംരക്ഷിക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ജി.എസ്.ടി.-യുടെ പേരിൽ അമിതവില ഈടാക്കുന്ന ഹോട്ടലുകൾ പരിശോധിക്കുന്നതിനും നികുതി വർദ്ധനവുമൂലം കരാറുകാർ വർക്ക് ഏറ്റെടുക്കാത്ത സ്ഥിതിക്ക് പരിഹാരം കാണാനും നടപടിയുണ്ടാകണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സി.പി.ഐ. (എം) സെൻട്രൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നതിലൂടെ കോർപ്പറേറ്റുകളെ സഹായിക്കുന്ന നയമാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്. നോട്ട് നിരോധനത്തിന്റെ ഭാഗമായി കറൻസിയുടെ വിശ്വാസ്യത നഷ്ടപ്പെടുമ്പോൾ സമ്പന്നർക്ക് തങ്ങളുടെ പണം സ്വർണ്ണത്തിലൂടെ നിക്ഷേപമാക്കി മാറ്റാനുള്ള അവസരമാണുണ്ടാകുന്നത്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പരാതി അടിയന്തരമായി പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. വിപണിയിൽ ശക്തമായ ഇടപെടൽ നടത്തി വിലക്കയറ്റം തടയുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: രാജ്യത്തിന്റെ ഫെഡറൽ സംവിധാനം തകർക്കാനും സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കാനുമാണ്

ജി.എസ്.ടി.-യിലൂടെ കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് നിലവിൽ വന്നിട്ടുള്ള ആശങ്കകളും അപാകതകളും പരിഹരിച്ച് അതിന്റെ ഗുണം സംസ്ഥാനത്തിനും ജനങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. സിമെന്റുകൊണ്ട് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ നികുതി 28 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ ഈ മേഖലയെ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. വർദ്ധിപ്പിച്ച നികുതിമൂലം ഗവൺമെന്റ് കോൺട്രാക്ടർമാർ ടെണ്ടറിൽ പങ്കെടുക്കാൻ തയ്യാറാകാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ നികുതി വർദ്ധനവ് കൊണ്ടുണ്ടാകുന്ന അധിക ബാധ്യത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുകയിൽനിന്ന് നികുതി ഈടാക്കുന്ന പഴയ നടപടി തുടരണം. എച്ച്.എസ്.എൻ. കോഡ് നിർവ്വചിച്ചിട്ടില്ലാത്ത വസ്തുക്കളുടെ നികുതി അഞ്ചുശതമാനമാക്കി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: കാശ്മീരിനെ ബില്ലിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയ ക്ലോസും 173-ാം വകുപ്പിൽനിന്നുള്ള ചില നികുതി നിർദ്ദേശങ്ങളും മാത്രം ഒഴിവാക്കിയ നടപടി ഈ ഗവൺമെന്റിന്റെ നിസ്സഹായതയെയാണ് കാണിക്കുന്നത്. സമ്പദ്‌വ്യവസ്ഥയെയും ജനനന്മയെയും മുൻനിർത്തിയാണ് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തേണ്ടത്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യാനുള്ള അവസരം അനർഹർ ഉപയോഗിച്ചാൽ

സർക്കാരിന് നികുതിയിനത്തിൽ വൻതുക നഷ്ടമാകും. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് ശ്രദ്ധിക്കുന്നതോടൊപ്പം അനധികൃതമായി അധിക നികുതി വാങ്ങുന്നവരുടെ പേരിൽ നടപടിയെടുക്കാനും സർക്കാർ തയ്യാറാകണം.

ശ്രീ. റ്റി. വി. രാജേഷ് : മതിയായ തയ്യാറെടുപ്പുകളൊന്നുമില്ലാതെ രാജ്യമെമ്പാടും ജി.എസ്.ടി. നടപ്പാക്കിയതിന്റെ ആശയക്കുഴപ്പങ്ങളും പ്രശ്നങ്ങളും ജനങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പോരാടണം. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ ഇല്ലാതാകുകയും രാജ്യത്തിന്റെ ഫെഡറൽ വ്യവസ്ഥ താറുമാറാകുകയും ചെയ്തു. ഇതിന്റെ ഫലമായി സംസ്ഥാന ഗവൺമെന്റുകൾക്ക് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും കേന്ദ്ര സർക്കാരിനെ കൂടുതലായി ആശ്രയിക്കേണ്ട സ്ഥിവിശേഷവും ഉണ്ടാകുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ജി.എസ്.ടി. നടപ്പിലാക്കുന്നതിന് അനുകൂലമായ നിലപാടാണ് യു.പി.എ. സർക്കാർ സ്വീകരിച്ചത്. രാജ്യത്തിന്റെ നികുതി ഘടനയിൽ സമൂലമായ മാറ്റമുണ്ടാക്കണമെന്ന ഉദ്ദേശത്തോടെയാണ് ഈ നിയമം കൊണ്ടുവരുന്നതിന് ശ്രമിച്ചത്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ വില കുറയുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം

പാഴായെന്നുമാത്രമല്ല, ജീവൻരക്ഷാ ഔഷധങ്ങൾക്കും മറ്റും ക്രമാതീതമായ രീതിയിൽ വില വർദ്ധിച്ചു. സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലാണ് ജി.എസ്.ടി. നടപ്പാക്കിയിരിക്കുന്നത്. ശരിയായ ബോധവൽക്കരണത്തിലൂടെ ജി.എസ്.ടി. നടപ്പാക്കിയ രാജ്യങ്ങളിൽ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടായിട്ടില്ല. ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ജാഗ്രതയോടെ സമീപിക്കണം. ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനങ്ങൾക്ക് പാർലമെന്റിന്റെ അനുമതി വേണമെന്ന ആവശ്യം നിരാകരിക്കപ്പെട്ടത് നിർഭാഗ്യകരമാണ്. ടാക്സിന്റെ ഉയർന്ന പരിധി 18 ശതമാനമായി നിലനിർത്തണമെന്ന ആവശ്യത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. ശരിയായ തയ്യാറെടുപ്പില്ലാതെ ജി.എസ്.ടി. നടപ്പാക്കിയതാണ് ഇന്നുണ്ടായിരിക്കുന്ന പ്രതിസന്ധികൾക്ക് പ്രധാന കാരണം. പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധന നടത്തുവാനും ജനങ്ങളെ ബോധവൽക്കരിക്കാനും നടപടിയുണ്ടാകണം. മത്സ്യബന്ധന ഉപകരണങ്ങളുടെ നികുതി വർദ്ധനവ് ഒഴിവാക്കുന്നതിനും ആയുർവേദത്തിന് ജി.എസ്.ടി. ഏർപ്പെടുത്തിയതിലും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണം. അന്യസംസ്ഥാന ലോട്ടറിയുടെ നികുതി നിരക്ക് വർദ്ധിപ്പിക്കാൻ മുൻകയ്യെടുത്തതും ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ അഭിപ്രായസമന്വയത്തോടെ

തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്. നിലവിലുള്ള പോരായ്മകൾ പരിഹരിച്ചും സംസ്ഥാന താല്പര്യം സംരക്ഷിച്ചുകൊണ്ടും ജി.എസ്.ടി. കാര്യക്ഷമമായി നടപ്പാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് പൊതുവായ വിമർശനങ്ങൾ ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. സംസ്ഥാന സർക്കാരുകളുടെ നികുതി അധികാരങ്ങൾ കവരുന്നതാണ് ഈ നിയമമെന്ന് ജി.എസ്.ടി. നടപ്പാക്കി ഒരു മാസത്തിനുള്ളിൽ തന്നെ ബോധ്യപ്പെട്ടിട്ടുണ്ട്. ചില ചെറുകിട വ്യവസായങ്ങൾക്കും ജി.എസ്.ടി. വലിയ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. വ്യത്യസ്ത അഭിപ്രായമുള്ളപ്പോഴും ഈ നിയമനിർമ്മാണം ജനങ്ങൾക്കും സംസ്ഥാനത്തിനും അനുകൂലമായി നടപ്പാക്കാൻ മുൻകയ്യെടുക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ആഡംബര വസ്തുക്കൾക്കടക്കം ചുമത്തേണ്ട നികുതിയുടെ പരിധി ഉയർത്തുന്നതിനും പ്രാഥമിക ഉല്പന്നങ്ങൾ നികുതിരഹിതമാക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ നികുതിഘടന മാറ്റുന്നതിനും ശ്രമിച്ചിട്ടുണ്ട്. പുതിയ നികുതി സംവിധാനം എങ്ങനെ സംസ്ഥാനത്തിനും ജനങ്ങൾക്കും ഉപകാരപ്രദമാക്കാമെന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ നൽകുന്ന നികുതി

ജി.എസ്.ടി. ആയി കേരളത്തിന് ലഭിക്കുന്നതിലൂടെ വരുമാന വർദ്ധനവിന് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഫിനാൻഷ്യൽ സർവ്വീസിലടക്കം ഡെസ്റ്റിനേഷൻ പ്രിൻസിപ്പിൾ അംഗീകരിപ്പിച്ചെടുക്കാൻ കഴിഞ്ഞത് കേരളത്തിന്റെ നേട്ടമാണ്. ലാന്റ് ടാക്സ്, മോട്ടോർ വെഹിക്കിൾ ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി, മദ്യം, പെട്രോൾ എന്നിവയുള്ള നികുതി കൂടി കേന്ദ്രത്തിന് നൽകണമെന്ന നിലപാടിനോട് യോജിക്കാനാവില്ല. സംസ്ഥാനത്തിന്റെ പരിമിതമായ അധികാരം കൂടി കവർന്നെടുക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. കേരള സർക്കാർ 24 ഉല്പന്നങ്ങൾക്ക് നികുതി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നികുതി നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. മുനിസിപ്പാലിറ്റികളിൽ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. ജി.എസ്.ടി. നടപ്പാക്കിയ കേന്ദ്ര നിലപാടിനെ പൂർണ്ണമായി അംഗീകരിക്കുന്നില്ലെങ്കിലും ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് കൂടുതൽ പ്രയാസമുണ്ടാകാത്ത രീതിയിൽ നടപ്പാക്കുന്നതിന് കക്ഷിഭേദമന്യേ പ്രവർത്തിക്കുകയാണ് വേണ്ടത്. ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2017-ലെ കേരള ചരക്കു സേവന നികുതി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ii) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി (ശ്രീ. ടി. വി. ഇബ്രാഹിം): I move that " This House resolves to disapprove the Kerala Motor Vehicles Taxation (Amendment) Ordinance, 2017 (Ordinance No. 12 of 2017)" . കേരളത്തിലെ റോഡുകളുടെ ദുരവസ്ഥ പരിഹരിക്കുന്നതിനും ബി.ഒ.ടി. അടിസ്ഥാനത്തിൽ ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനും കൊണ്ടോട്ടി താലൂക്കിൽ ഒരു ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ജി.എസ്.ടി. വന്നതോടുകൂടി മോട്ടോർ വാഹന നിർമ്മാതാക്കൾക്ക് ലാഭം ലഭിക്കുമെങ്കിലും ഉപഭോക്താക്കൾക്ക് അതിന്റെ ഫലം ലഭിക്കുന്നില്ല. എം.ആർ.പി. സംവിധാനം നിലവിൽ വരാനുള്ള സാഹചര്യമൊരുക്കണം. ജി.എസ്.ടി. നടപ്പാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണം.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.08.2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നിയമം പാസ്സാക്കുമ്പോൾ അതിനൊരു വ്യക്തതയുണ്ടാകണം. കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഐറ്റത്തെ സംബന്ധിച്ച് സെൻട്രൽ ആക്ട്

പാസ്സാക്കിയിരിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ അധികാരത്തിൻമേലുള്ള കടന്നുകയറ്റമാണ് നടത്തിയിരിക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടിയുണ്ടാകണം. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിക്കുന്നതുമൂലമുണ്ടാകുന്ന അപകടങ്ങൾക്ക് മാതാപിതാക്കൾകൂടി പ്രതികളാകുന്ന വിധത്തിലാണ് പുതിയ കേന്ദ്രനിയമം വരാൻ പോകുന്നത്. അത്തരമൊരു വ്യവസ്ഥകൂടി ഉൾക്കൊള്ളിച്ച് സമഗ്രമായ ഒരു നിയമം സംസ്ഥാനത്ത് കൊണ്ടുവരണം. വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം വർദ്ധിപ്പിക്കണം. കേന്ദ്രനിയമത്തിന്റെ കാതലായ അംശങ്ങൾ ഉൾക്കൊണ്ട് സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുന്നതിനുള്ള തീരുമാനമെടുക്കണം.

<u>ശ്രീ. ഡി. കെ. മുരളി</u>: 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജി.എസ്.ടി. യാഥാർത്ഥ്യമായ സ്ഥിതിക്ക് ഭേദഗതി അനിവാര്യമാണ്. ഇൻഷ്വറൻസ് രംഗത്ത് വലിയ കൊള്ളയാണ് നടക്കുന്നത്. സംസ്ഥാനങ്ങളുടെ പല അവകാശങ്ങളും കേന്ദ്ര മോട്ടോർ വാഹന ഭേദഗതി കവർന്നെടുക്കുകയാണ്. ആർ.ടി. ഓഫീസുകളിലെ ഏജന്റുമാരെ നിയന്ത്രിക്കുന്നതിനുള്ള ഗവൺമെന്റ് തീരുമാനം ശ്ലാഘനീയമാണ്.

ശ്രീ. തോമസ് ചാണ്ടി: സംസ്ഥാന ഗവൺമെന്റിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുമായിരുന്നത് ഒഴിവാക്കാൻവേണ്ടിയാണ് ഇത്തരമൊരു ഓർഡിനൻസ് ഇറക്കിയത്. കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ട് രാജ്യസഭയിൽ പാസ്സാക്കുന്നതിനുമുമ്പ് സൗത്ത് ഇന്ത്യൻ ട്രാൻസ്പോർട്ട് മന്ത്രിമാരുമായി ചർച്ച നടത്തി വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് രാജ്യസഭാംഗങ്ങളെ അറിയിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.53-ന് പിരിഞ്ഞു.

*******